(ഡി) കോടതിയിൽ നൽകിയ പ്രസ്തുത സത്യവാങ്മൂലം സർക്കാർ നയമല്ല എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. 2004-ൽ Kerala Students Union Vs Sojan Francis എന്ന കേസ്സിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്ന അധിക നിയന്ത്രണങ്ങളാണ് സത്യവാങ്മൂലത്തിലൂടെ ഫയൽ ചെയ്തിട്ടുള്ളത്. ഇത് അംഗീകരിച്ച് ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) അതെ.

(ഡി) ബാധകമല്ല.

**കോഴിക്കോട് ലാ കോളേജിൽ നിയമ ബിരുദത്തിൽ സായാഹ്ന കോഴ്സ്**

124 (7082) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമപഠനത്തിന് സായാഹ്ന ബിരുദ കോഴ്സുകൾ നടത്തപ്പെടുന്നത് ഏതെല്ലാം സ്ഥാപനങ്ങളിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മലബാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ സായാഹ്ന നിയമ ബിരുദ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

1. കേരളാ ലാ അക്കാഡമി, ലാ കോളേജ്.

2. തിരുവനന്തപുരം ഗവ. ലാ കോളേജിൽ നിയമപഠനത്തിന് സായാഹ്ന ബിരുദകോഴ്സുകൾ നടത്തുന്നതിനായി 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 298/14/ഉ.വി.വ., 30-6-2014 ലെ സ.ഉ(എംഎസ്.) നമ്പർ 395/2014/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാർ മേഖലയിൽ നിയമപഠനത്തിന് സായാഹ്ന ബിരുദ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

**അംഗീകൃത ഡിപ്ലോമ കോഴ്സ് എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതിനെതിരെ നടപടി**

125 (7083) ശ്രീ. മാത്യു റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെയോ എ.ഐ.സി.ടി.ഇ.-യുടെയോ അംഗീകാരമില്ലാതെ, അംഗീകൃത ഡിപ്ലോമാ കോഴ്സുകൾ എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

**ഉത്തരം**

(എ&ബി) ഉണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനെതിരെ വിദ്യാർത്ഥികൾക്ക് മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ കേരള സർക്കാർ അംഗീകൃത പോളിടെക്നിക്കുകളുടെയും കോഴ്സുകളുടെയും വിശദവിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടം പണി**

126 (7095) ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടം പണിയുടെ തടസ്സം നീക്കിക്കിട്ടുന്നതിന് വകുപ്പുമന്ത്രി മുൻകൈ എടുത്ത് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ&ബി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly